LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ ഗെയിംസ് നടത്തിപ്പിന്റെ അന്തിമ കണക്കുകൾ തയ്യാറായി വരുന്നതേയുള്ളൂ.

(ബി) 121 കോടി രൂപ

(സി&ഡി)	2009-10	-	20.45 കോടി രൂപ
	2010-11	-	5 കോടി രൂപ
	2012-13	-	30 കോടി രൂപ
	2013-14	-	86.67 കോടി രൂപ
	2014-15	-	130.00 കോടി രൂപ

കൂടാതെ റോഡ് നവീകരണത്തിനായി 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തപ്പെട്ട പദ്ധതിയാണ്.

(എഫ്) കൂട്ടയോട്ടം സംഘടിപ്പിക്കുന്നതിന് ചെലവായ തുകയുടെ അന്തിമ കണക്ക് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

(ജി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തുക ചെലവഴിക്കുന്നതിന് പെർമിസിവ് സാംഗ്ഷൻ നൽകിയിരുന്നു. എന്നാൽ തുക ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമായിട്ടില്ല.

ദേശീയ ഗെയിംസ് പൈറോ ടെക്നിക് കരിമരുന്ന് പ്രയോഗം

275 (281) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 35-ാം ദേശീയ ഗെയിംസിന്റെ ഉദ്ഘാടന -സമാപന ചടങ്ങുകളിൽ പൈറോ ടെക്നിക് എന്ന കരിമരുന്ന പ്രയോഗത്തിനായി ആകെ എത്ര തുകയാണ് വിനിയോഗിക്കപ്പെട്ടതെന്നും, ഇവയിൽ ഓരോ ചടങ്ങിലും എത്ര സമയം വീതം പൈറോടെക്നിക് ഉപയോഗിച്ചുവെന്നും, ഈ പൈറോടെക്നിക് നിർവ്വഹിച്ചത് ഏത് കമ്പനി/വ്യക്തി ആണെന്നും, ഇതു സംബന്ധിച്ചുള്ള ടെണ്ടർ വിശദാംശങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

35-ാമത് ദേശീയ ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകളിൽ പൈറോ ടെക്നിക് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഡിസ്പ്ലേ നടത്തുന്നതിനായി കരാറുപ്രകാരം 1.25 കോടി രൂപയാണ് ടെണ്ടറിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഫെറീസ് വീൽ എന്റർടെയിന്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകേണ്ടത്. തുക നൽകിവരുന്നതേയുള്ളൂ. പൈറോ ടെക്നിക് പ്രദർശനത്തിന് പ്രത്യേക സമയ ദൈർഘ്യം നിഷ്കർഷിച്ചിട്ടില്ല. ടെണ്ടർ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയ ഗെയിംസ് മീഡിയ സെന്റർ

276 (282) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി പ്രധാന മീഡിയ സെന്റർ സ്ഥാപിച്ചത് സർക്കാർ കെട്ടിടത്തിലാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി എത്ര കോടി രൂപ ഏതെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) മീഡിയാ സെന്ററിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ഡി) ഗെയിംസിന് ശേഷം ഇവയുടെ സംരക്ഷണം നിക്ഷിപ്തമാക്കിയിരിക്കുന്നത് സർക്കാരിന്റെ ഏത് സംവിധാനത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഗെയിംസ് ആരംഭിക്കുന്നതിന്റെ എത്ര ദിവസം മുമ്പ് ഈ സൗകര്യങ്ങളെല്ലാം പൂർത്തീകരിക്കുകയുണ്ടായി എന്ന് അറിയിക്കാമോ;

(എഫ്) മീഡിയാ സെന്ററിന്റെ പ്രവർത്തനം പുതുതായി ഒരുക്കിയ സംവിധാനത്തിലൂടെ എന്നാണ് ആരംഭിച്ചതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) അല്ല. തിരുവനന്തപുരം പ്രസ് ക്ലബ്ബ് കെട്ടിടത്തിലാണ്.

(ബി) പ്രധാന മീഡിയ സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നാളിതുവരെ ചെലവഴിച്ച തുക താഴെപ്പറയുംപ്രകാരമാണ് :

---

*. ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly